പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1659 13.06.2014- ൽ മറുപടിക്ക്

**കുട്ടികളെ അനാഥാലയങ്ങളിലേക്ക് അനധികൃതമായി കടത്തിയ സംഭവം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി. പി.അയിഷാ പോറ്റി | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | രക്ഷിതാക്കളുള്ള കുട്ടികളെ അനധികൃതമായി സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ട് വന്ന് അനാഥാലയങ്ങളിൽ എത്തിച്ച സംഭവം സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കുട്ടികളെ കൊണ്ടുവന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് 24.05.2014 ൽ ഝാർഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും 455 കുട്ടികളെ ഒലവക്കോട് റെയിൽവേ സ്റ്റേഷനിൽ കൊണ്ടു വന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സാമൂഹ്യനീതി വകുപ്പ് , CWC, ജില്ലാ ഭരണകൂടം എന്നിവരുടെ നേതൃത്വത്തിൽ വ്യക്തമായ രേഖകൾ ഉണ്ടായിരുന്ന കുട്ടികളെ അവർ മുമ്പ് പഠിച്ചിരുന്ന മുക്കം മുസ്ലീം ഓർഫനേജ്, കോഴിക്കോട് അൻവരുൾ ഹുദാ ഓർഫനേജ് മലപ്പുറം എന്നിവയ്ക്ക് കൈമാറുകയുണ്ടായി. രക്ഷിതാക്കൾ ഉണ്ടായിരുന്ന കുട്ടികളെ ബന്ധപ്പെട്ട CWC രക്ഷിതാക്കൾക്ക് തന്നെ കൈമാറി. 119 കുട്ടികളെ ഝാർഖണ്ഡിലേയ്ക്ക് തന്നെ സംസ്ഥാന സർക്കാരിന്റെ ചിലവിൽ തിരികെ അയയ്ക്കുകയുണ്ടായി. കോഴിക്കോട് CWC യുടെ ഉത്തരവ് പ്രകാരം 7 ആൺകുട്ടികളെയും 11 പെൺ കുട്ടികളെയും കോഴിക്കോട് ചിൽഡ്രൻസ് ഹോമിലും 15 കുട്ടികളെ പാലക്കാട് CWC യുടെ ഉത്തരവ് പ്രകാരം പാലക്കാട് ഓർഫനേജിലും പാർപ്പിച്ചിരിക്കുകയാണ്. കുട്ടികളെ തിരിച്ചയയ്ക്കുന്നത് കേരള ഹൈക്കോട |

| | | | |
|---|---|---|---|
| | | | തിയുടെ ഉത്തരവ് അനുസരിച്ച് ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ സൂപ്പർവിഷൻ വഴിയാണ്. |
| (ബി) | സംസ്ഥാന ബാലാവകാശ കമ്മീഷൻ നടത്തിയ തെളിവെടുപ്പിനുശേഷം നൽകിയ ശുപാർശകൾ എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | 1. മതിയായ രേഖകൾ ഇല്ലാത്ത കുട്ടികളെ മുന്നാഴ്ചയ്ക്കം തിരിച്ച യയ്ക്കണം. സമഗ്ര അന്വേഷണം പോലീസ് നടത്തിയെന്ന് ഉറപ്പ് വരുത്തണം.<br>2. കുട്ടികളെ തിരിച്ചയയ്ക്കുന്നതുവരെ അവരുടെ ഭക്ഷണം, പാർപ്പിടം എന്നിവയെല്ലാം സാമൂഹ്യനീതി വകുപ്പ് ഉറപ്പ് വരുത്തണം.<br>3. ഈ ആവശ്യത്തിന് വേണ്ടി വരുന്ന ഫണ്ട് ലഭ്യമാക്കേണ്ടതാണ്.<br>4.കുട്ടികൾക്ക് ആരോഗ്യസേവനം ഉറപ്പ് വരുത്തണം.<br>5. കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിന് വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യം കൊടു ക്കണം.<br>6. CWC ഓർഫനേജുകൾക്ക് വിട്ടുകൊടുത്ത കുട്ടികളുടെ പരിചര ണവും, സുരക്ഷിതത്വവും ഉറപ്പ് വരുത്തണം.<br>7. അന്യസംസ്ഥാനക്കാരായ കുട്ടികളെ പാർപ്പിച്ചതിന്റെ വിവരങ്ങൾ ശേഖരി ക്കണം. 22.06.2013 ലെ സ.ഉ(നം) 52/2013/സാനീവ ഉത്തരവിൽ സർ ക്കാർ പുറപ്പെടു വിച്ചിട്ടുള്ള റഗുലേഷൻ കർശന മായി നടപ്പിലാക്കണം.<br>8. കുട്ടികളുടെ ട്രയിൻ യാത്രയുമായി ബന്ധപ്പെട്ട ഒരു പ്രോട്ടോകോൾ തയ്യാ റാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കണം.<br>9. എല്ലാ സ്ഥാപനങ്ങളും ബാലനീതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യണ മെന്ന് 29.04.2014 ൽ കമ്മീഷൻ നൽകിയ ശുപാർശ നടപ്പിലാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. |
| (സി) | അനാഥാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച | (സി) | അനാഥാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച് |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അതിനു വിരുദ്ധമായി കുട്ടികളെ പ്രവേശിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ? | | സർക്കാർ പുറപ്പെടുവിച്ച റഗുലേഷനിൽ ബന്ധപ്പെട്ട സ്ഥാപന മാനേജർമാർ പ്രവേശനം നൽകണമെന്നതാണ്. സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നിലവിലുള്ള വരുമാന പരിധി പഞ്ചായത്ത് പ്രദേശങ്ങളിൽ 34,000/- രൂപയും നഗര പ്രദേശങ്ങളിൽ 38,000/- രൂപയുമാണ്. 22.06.2013 ലെ GO(P) 52/13/SJD പ്രകാരം സംസ്ഥാനത്തിനകത്ത് നിന്നുള്ള കുട്ടികളുടെ പ്രവേശനത്തിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് അവശ്യമാണ്. സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് കുട്ടികളുടെ ഐഡന്റിഫിക്കേഷൻ തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട സർക്കാരിന്റെ ശുപാർശയും സഹിതം ഓർഫനേജ് കൺട്രോൾ ബോർഡിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണം. ഇപ്രകാരം പ്രവേശിപ്പിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് അനുവദിക്കുന്നതല്ല. ഈ കുട്ടികളുടെ പരിചരണത്തിനുള്ള ചെലവ് ബന്ധപ്പെട്ട സ്ഥാപനം വഹിക്കേണ്ടതാണ്. ഈ ചട്ടത്തിനു വിരുദ്ധമായി കോഴിക്കോട്ടും മലപ്പുറത്തും ഉള്ള ഓരോ അനാഥാലയത്തിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ കൊണ്ടുവന്നതിനെതിരെ പോലീസ് കേസെടുത്തതും ബന്ധപ്പെട്ട CWC യുടെ തീരുമാനം അനുസരിച്ച് രേഖകൾ ഉള്ള കുട്ടികളെ ഓർഫനേജിന് കൈമാറിയിട്ടുള്ളതും ബാക്കിയുള്ള കുട്ടികളെ തിരിച്ചയയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ